പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2025 **26-10-2026-ൽ മറുപടിയ്ക്ക്**

കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തത് കാരണം പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: നിലവിൽ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തികകളിലെ പീഡിയാട്രിക്സ്, ജനറൽ സർജറി, ഓർത്തോപീഡിക്സ്, അനസ്തേഷ്യ വിഭാഗങ്ങളിൽ അഡ്ഹോക് നിയമനം മുഖാന്തിരം ഒഴിവ് നികത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികകളിലേയ്ക്ക് സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ ഗൈനക്കോളജിയിൽ ഒരു ഡോക്ടറെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുമുണ്ട്.

(ബി) കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

മറുപടി: നിലവിൽ 65 കിടക്കകൾക്കാവശ്യമുള്ള സ്റ്റാഫ് പാറ്റേണിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. 206 കിടക്കകൾ ഉള്ള പുതിയ കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനും അതിനനുസൃതമായി ഡോക്ടർമാർ, നഴ്സിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാർ തുടങ്ങിയ പുതിയ തസ്തികകൾ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ഒഴിവുകൾ പി.എസ്.സി വഴിയും സ്ഥാനക്കയറ്റം വഴിയും മുൻഗണനാടിസ്ഥാനത്തിൽ നികത്തുന്നതിനും താത്കാലിക ക്രമീകരണങ്ങളിലൂടെ സേവനം തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുജനങ്ങൾക്ക് അത്യാധുനിക രീതിയിലുള്ള ആശുപത്രി സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: കുത്തുപറമ്പ് താലൂക്കാശുപത്രിയിൽ 206 കിടക്കകളുള്ള അത്യാധുനിക സമുച്ചയം നിർമ്മിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ 4 അത്യാധുനിക ഓപ്പറേഷൻ തീയേറ്ററുകൾ, മെഡിക്കൽ ഐ.സി.യു, സർജിക്കൽ ഐ.സി.യു, ഹൈ ഡിപ്പെൻഡൻസി യൂണിറ്റ് (HDU), ലേബർ റൂം, 20 കിടക്കകളുള്ള അത്യാഹിത വിഭാഗം, സ്ത്രീ/പുരുഷ മെഡിക്കൽ/സർജിക്കൽ വാർഡുകൾ, ജറിയാട്രിക്

വാർഡ്, പീഡിയാട്രിക് വാർഡ്, ആന്റനേറ്റൽ/പോസ്റ്റ്നേറ്റൽ വാർഡുകൾ, മോർച്ചറി ഫ്രീസർ, 6 ലിഫ്റ്റുകൾ, മലിനജല ശുദ്ധീകരണ പ്ലാന്റ് (STP), സമ്പൂർണ്ണ ഫയർ & സേഫ്റ്റി സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ഈ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് സമയബന്ധിതവും മികച്ചതുമായ ചികിത്സ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി ഘട്ടം ഘട്ടമായി സാങ്കേതിക സൗകര്യങ്ങളും ജീവനക്കാരേയും വിന്യസിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ